# തണൽ

DIGITAL MAGAZINE 2023-24



by

LITTLE KITES

HSS THIRUVAMPADY
35050



# ആശംസ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ
നമ്മുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ
അവരുടെ ലേഖനങ്ങളും ചിത്രങ്ങളും
എല്ലാം ഉൾപ്പെടുത്തി
തയ്യാറാക്കിയിരിക്കുന്ന 2023-2024 ലെ
ഡിജിറ്റൽ മാസികക്ക് എല്ലാവിധ
ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

Tr. അനിത R
HEAD MISTRESS

# ആശംസ



അഭിമാനത്തോടെയും സന്തോഷത്തോടെയുമാണ് എച്ച്എസ്എസ്. തിരുവമ്പാടിയിലെ സ്കൂൾ മാഗസിനായി ഞാൻ സന്ദേശം എഴുതുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ സ്കൂൾ കൈവരിച്ച പുരോഗതിയെക്കുറിച്ചോർക്കുമ്പോൾ എൻ്റെ ഹൃദയം അളവറ്റ സന്തോഷത്താൽ നിറയുന്നു.

സ്‌കൂൾ മാഗസിൻ വിദ്യാർത്ഥികൾക്ക് അവരുടെ സൃഷ്ടിപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു വേദിയാണ്, അത് അവരിൽ ചിന്തയുടെയും ധാരണയുടെയും മൗലികത വികസിപ്പിക്കുന്നുപ്രിൻസിപ്പൽ സ്റ്റാഫിന് ഞാൻ എൻ്റെ ഊഷ്മളമായ ആശംസകൾ നേരുന്നു,
വരും വർഷങ്ങളിൽ സ്കൂൾ ഒരു സമ്പൂർണ സംഘടനയായി വളരട്ടെ, ചിറകുകൾ വിടർത്തട്ടെ.

സ്നേഹപൂർവ്വം,

അഭിനവ് ഷിനു
(സ്കൂൾ ലീഡർ)

# ആശംസ

ഒരുപാട് കുട്ടികളുടെ കഴിവുപ്രകടമാക്കാനും അവരുടെ ഓരോ പ്രവർത്തനങ്ങൾ ചെയ്യാനും ഏറ്റവും ആവിഷ്കാരികമായ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് .

ഈ പദ്ധതിയുടെ ലീഡർ ആകാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു .ഞങ്ങളുടെ സ്കൂളിന്റെ മികവും പുരോഗതിയും ഈ ഡിജിറ്റൽ മാഗസിനിലൂടെ പ്രകടമാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം ,

രശ്മി നായർ .എസ്സ്
(ലിറ്റിൽ കൈറ്റ്സ്സ് ലീഡർ)

## എഡിറ്റോറിയൽ അംഗങ്ങൾ

രശ്മി നായർ എസ്സ്

എസ് നിധി

സ്നിഗ്ദ്ധ നായർ എ

## കൈറ്റ് മാസ്റ്റേഴ്സ്

ശ്രീ. ബിന്ദു ജി നായർ

ശ്രീ. നിഷാമോൾ ജി

# ഉള്ളടക്കം


SSLC class photos with staff : 7-11

Photos of various school clubs : 16-17

LK expert classes : 18-19

Our activities & celebrations : 20-40 & 66-69

Winners of various activities : 41-50

രചനകൾ : 51-62

Art : 63-65

# 2023-24

# SSLC

# BATCH



10 A



10 B



1O C



1O D



# 1O E



## SCHOOL STAFF - 2023-24

# NCC BATCH 2023-24



little KITEs



# 2021-24 BATCH

# JRC









# STUDENTS EAGERLY WATCHING THE LIVE INAUGURAL FUNCTION OF THE FREEDOM SOFTWARE BY THE CHIEF MINISTER OF KERALA



# EXPERT CLASS - LK



# ലിറ്റിൽ കൈറ്റ്സ് - പ്രഗൽഭരുടെ ക്ലാസുകൾ



# EXPERT CLASS ON PHOTOGRAPHY













# OUR ACTIVITIES











# വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ





















# സീഡിൻ്റെ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം



# ഒരു പിടി നന്മ



# കേരള സർക്കാരിൻ്റെ വാക്സിനേഷൻ പദ്ധതി




rawpixel

# ഗണിത സാമൂഹ്യ ശാസ്ത്ര മേളകളിലേക്ക് ഒരു എത്തിനോട്ടം












H.S.S THIRUVAMPADY
ടീൻസ് ക്ലബ്ബും സീഡും
സംയുക്തമായി സംഘടിപ്പിക്കുന്ന
ഭക്ഷ്യമേള
പ്രദർശനവും വിപണനവും
29.01.2024 10 മുതൽ















# സബ്ജില്ല കലോൽസവം റെക്കോർഡ് ചെയ്യുന്ന എച്ച്എസ്എസ് തിരുവമ്പാടിയിലെ ലിറ്റിൽകൈറ്റ്സ്



# കൂട്ടരോടൊത്തൊരു സിനിമായാത്ര



# TEENS DAY...

## "കൗമാരം കരുത്തും കരുതലും





MOTIVATIONAL CLASS by Usha tr





TEENS DAY FLASHMOB

# REPUBLIC DAY 2024





# KERALA PIRAVI
















# കായികം



# WINNER
## 2023-24

## SPORTS

**AKHILRAJ**



ക്രിക്കറ്റ് ജൂനിയർ ബോയ്സ് വിഭാഗത്തിൽ ബീഹാറിൽ വെച്ച് നടക്കുന്ന ദേശീയ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ സ്കൂളിലെ അഖിൽരാജ്

**ADHIL**



സബ് ജില്ല തൈക്വോൺഡോ മത്സരങ്ങളിൽ ജൂനിയർ ബോയ്സ് വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവുംറെവന്യൂ ജില്ലാ തൈക്വോൺഡോ മത്സരങ്ങളിൽ ജൂനിയർ ബോയ്സ് വിഭാഗങ്ങളിൽ രണ്ടാം സ്ഥാനം നേടിയ നമ്മുടെ സ്കൂളിലെ ആദിൽ



റെവന്യൂ ജില്ലാ ക്രിക്കറ്റ് മത്സരങ്ങളിൽ ജൂനിയർ ബോയ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ആലപ്പുഴ സബ് ജില്ലയ്ക്ക് വേണ്ടി മത്സരിച്ച നമ്മുടെ സ്കൂളിലെ കുട്ടികൾ



റെവന്യൂ ജില്ലാ ക്രിക്കറ്റ് മത്സരങ്ങളിൽ സബ് ജൂനിയർ ബോയ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ആലപ്പുഴ സബ് ജില്ലയ്ക്ക് വേണ്ടി മത്സരിച്ച നമ്മുടെ സ്കൂളിലെ കുട്ടികൾ



വണ്ടാനം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ വെച്ചു നടന്ന സബ് ജില്ലാ ക്രിക്കറ്റ് മത്സരങ്ങളിൽ ജൂനിയർ ബോയ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ നമ്മുടെ സ്കൂൾ ടീം

SURYANARAYAN



റെവന്യൂ ജില്ലാ തൈക്വോൺഡോ മത്സരങ്ങളിൽ ജൂനിയർ ബോയ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി നമ്മുടെ സ്കൂളിലെ സൂര്യനാരായണൻ

BHAGYALAKSHMI



സബ് ജില്ലാ തൈക്വോൺഡോ മത്സരങ്ങളിൽ സബ് ജൂനിയർ ഗേൾസ് വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ ഭാഗ്യലക്ഷ്മി

GIRINANDA



സബ് ജില്ലാ
തൈക്വോൺഡോ
മത്സരങ്ങളിൽ ജൂനിയർ
ഗേൾസ് വിഭാഗത്തിൽ
രണ്ടാം സ്ഥാനം നേടിയ
ഗിരിനന്ദ

SELVARAJ



സബ് ജില്ലാ കബഡി
മത്സരങ്ങളിൽ വിജയിച്ച
സെൽവരാജ്

AGRAHA



സബ് ജില്ലാ കബഡി
മത്സരങ്ങളിൽവിജയിച്ച
ആഗ്രഹ അനിൽ

ADITHYAN A S



ആലപ്പുഴ ഉൾച്ചേർക്കൽ
കായികോത്സവം 2024 ക്യാബിനറ്റ്
ടർഫിൽ വച്ച് നടത്തിയ
ഫുട്ബോൾ ഇനത്തിൽ HSS
തിരുവാടിയിലെ ഒന്നാം സ്ഥാനം
കരസ്ഥമാക്കിയ ആദിത്യൻ
എ.എസ്

NAVIN



സബ്ജില്ലാ അക്വാട്ടിക്ക്
മത്സരങ്ങളിൽ Back Stock
ജൂനിയർ ബോയ്സ്
വിഭാഗത്തിൽ രണ്ടാം
സ്ഥാനം നേടിയ നവീൻ

MOHD THOUFEEQ



ജില്ലാ പവർ ലിഫ്റ്റിംഗ്
മത്സരങ്ങളിൽ ക്ലാസിക്
വിഭാഗത്തിൽ ഒന്നാം
സ്ഥാനം നേടി

# I T

NIDHI



ആലപ്പുഴ ഉപജില്ല
ഐടി മേളയിൽ
എച്ച് എസ് വിഭാഗം
മലയാളം
ടൈപ്പിങ്ങിൽ രണ്ടാം
സ്ഥാനവും A
ഗ്രേഡും
കരസ്ഥമാക്കിയ
എസ് നിധി

# ART

## ARUNIMA



ആലപ്പുഴ നഗരസഭ
മാലിന്യമുക്തം
നവകേരളം
പരിപാടിയുടെ
ഭാഗമായി നടത്തിയ
പെയിൻറിങ്
കോമ്പറ്റീഷനിൽ
ഒന്നാം സ്ഥാനം നേടിയ
അരുണിമ സുഭാഷ്

# CRAFT

## AVANTHIKA



ആലപ്പുഴ ഉപജില്ല
പ്രവർത്തിപരിചയമേളയിൽ
ചോക്ക് നിർമ്മാണത്തിൽ
UP വിഭാഗം ഒന്നാം
സ്ഥാനവും A ഗ്രേഡും
കരസ്ഥമാക്കിയ
അവന്തിക S

JOYEL



സംസ്ഥാന പ്രവർത്തി പരിചയമേളയിൽ Products using card & strawboard വിഭാഗത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കിയ ജോയൽ ടോംസൻ

# CHESS

SNIGDHA



സബ് ജില്ലാ ചെസ്സ് മത്സരങ്ങളിൽ സബ് ജൂനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനം സ്നിഗ്ധ നായർ .എ

KARTHIK



സബ് ജില്ലാ ചെസ്സ് മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടി റെവന്യൂ ജില്ലാ മത്സരങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കാർത്തിക്.എസ്സ് നായർ

# QUIZ



ആലപ്പുഴ നഗരസഭ നടത്തിയ കുട്ടികളുടെ ഹരിതസഭക്ക് കീഴിലുള്ള ക്വിസ് മത്സരം രണ്ടാം സ്ഥാനം **അനഘനന്ദ .പി , സ്നിഗ്ദ്ധ നായർ എ**

# WINNERS OF VARIOUS EVENTS



ഉപജില്ല ശാസ്ത്രരംഗം സയൻസ് വിഭാഗത്തിൽ ഒന്നാം സ്ഥാനം **അനന്തകൃഷ്ണൻ S**

II



I



ശ്രീ സത്യസായി സേവാസമിതി നടത്തിയ ഉപന്യാസ രചന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ **സൂര്യ സുഭാഷ്,** രണ്ടാം സ്ഥാനം നേടിയ **ശിവപ്രിയ ടി**

# SCHOLARSHIP WINNERS

## SANSKRIT SCHOLARSHIP




ANAGHANANDA P

1 st RANK



KARTHIK S NAIR

## NMMS



ANAGHANANDA P



RASHMI NAIR S

# USS



SNIGDHA



S NIDHI

# TALENT SEARCH



KARTHIK S NAIR

(STATE LEVEL A GRADE)

# INSPIRE LEARNING



ABHINAV SHINU

(II RUNNER UP)



ANAGHANANDA P

(10TH RANK)



# സംസ്കൃതോത്സവം



**ADHIL**
അഷ്ടപദി - II Agrade



**RAVEEN NANDAN**
സംസ്കൃതം ഗാനാലാപനം
-I A grade



**PARVATHY**
പദ്യം ചൊല്ലൽ
- I A grade



**SAVITHRY ANTHARJANAM**
സംസ്കൃതം ഗാനാലാപനം
-III A grade



**ANAGHANANDA P**
സംസ്ഥാനസ്കൂൾ സംസ്കൃത കലോത്സവം
ചമ്പൂപ്രഭാഷണം - A grade



**KEERTHANA A**
അഷ്ടപദി - I Agrade



സംസ്കൃതം സംഘഗാനം-II Agrade



സംസ്കൃതോത്സവം എച്ച് എസ് വിഭാഗം ഓവറോൾ ചാമ്പ്യന്മാർ എച്ച് എസ് എസ് തിരുവമ്പാടി

# കല



CHANDANA R
HS വിഭാഗം കുച്ചിപ്പുടി
-III A grade



PARVATHY S
ആലപ്പുഴ ഉപജില്ല
കലോത്സവം വയലിൻ
(പൗരസ്ത്യം) - I A grade

## ANAGHANANDA P



ഗാന്ധിദർശൻ ക്ലാസ് 9
റവന്യൂ ജില്ലാ തല
വായനാക്കുറിപ്പ് മത്സരം
രണ്ടാം സ്ഥാനം



വിദ്യാരംഗം കലാസാഹിത്യ
വേദി നടത്തിയ ആലപ്പുഴ
ജില്ലാ സർഗ്ഗോത്സവത്തിൽ
HS വിഭാഗം പുസ്തകാസ്വാദന
മത്സരത്തിൽ രണ്ടാംസ്ഥാനം

# രചനകൾ

## ചോദ്യപ്പെട്ടി

1. അന്തർദേശീയ മാതൃഭാഷാ ദിനം എന്ന്?

ഫെബ്രുവരി 1

2. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള സാഹിത്യഭാഷ?

സംസ്കൃതം

3. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ?

മാൻഡാരിൻ

4. മലയാളം ഔദ്യോഗിക ഭാഷയായ പ്രദേശങ്ങൾ?

കേരളം, ലക്ഷദ്വീപ്, പുതുച്ചേരി

5. ' മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്ത്യനുപെറ്റമ്മ തൻ ഭാഷ താൻ' ആരുടെ വരികൾ?

വള്ളത്തോൾ നാരായണമേനോൻ

ആദിത്യൻ ബി 8A



# ദക്ഷിണേന്ത്യയിലെ കാശ്മീർ

സമയം രാവിലെ 4 : 30 .

ഞങ്ങളുടെ മൂന്നാർ യാത്രയിലെ അവസാനത്തെ ദിവസം . രാവിലെ നല്ല തണുപ്പാണ് . ഒന്ന് മേല്ലഴുതി 5 മണിക്ക് അടുത്ത സ്ഥലത്തേക്ക് പോയി . ആദ്യം ഇരവികുളം ദേശീയ ഉദ്യാനം . എൻ്റെ ഒരുപാട് നാളത്തെ ആഗ്രഹം ആണ് ആ സ്ഥലം . ഇവിടെയാണ് കേരളത്തിലെ വരയാടിനെ കാണാൻ കഴിയുന്നത് . അവിടെ ഇറങ്ങിയപ്പോൾ ഞാൻ ഹുഡി കൈയിൽ കരുതി. അവിടെ അവരുടെ ബസ്സിൽ ആണ് യാത്ര. അവർ ഞങ്ങളെ ഒരു മലയുടെ അടുത്ത് എത്തിച്ചു. അവിടുന്ന് ഞങ്ങൾ മല കയറി . കയറുംതോറും തണുപ്പ് കൂടി. ചെവി അടയാൻ തുടങ്ങി. അങ്ങനെ നടന്ന് ഞങ്ങൾ വരയാടുകളുടെ അടുത്ത് എത്തി. അവയുടെ കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. എന്ത് ഭംഗിയാണ്. അവിടെ നിന്ന് ഞങ്ങൾ മറയൂരിലേക്ക് പോയി. മറയൂർ ശർക്കര പ്രസിദ്ദമാണല്ലോ! പോകുന്ന വഴിയിൽ നിറയെ മാനുകളെയും അവയുടെ കുഞ്ഞുങ്ങളെയും കണ്ടു. അങ്ങനെ പല പല സ്ഥലങ്ങൾ കണ്ട് നേരെ വീട്ടിലേക്ക്. എൻ്റെ യാത്രയിൽ എനിക്ക് ഏറ്റവും നല്ല അനുഭവം നൽകിയ യാത്ര ആയിരുന്നു ഇത്.

**സ്നിഗ്ധ നായർ.എ**

**8 A**



## എന്റെ രാമായണം

രാമചരിതമുള്ളൊരു വായന പുസ്തകം
സീതയുടെ ചരിതവും നന്മചരിതം
പുഷ്പാഭിഷേകമുള്ള ഒരു പുസ്തകം
കിളിപ്പാട്ടുപോലെ പാടുന്ന പുസ്തകം
അങ്ങനെയുള്ളയീപുസ്തകത്തെ
നമ്മൾ നമിക്കും കാലം രാമായണം
വായിച്ചീടുക നമ്മൾ നന്മ വരും
ഈ പുസ്തക കാരുണ്യമനുഗ്രഹിക്കും
പുസ്തകനന്മ നമ്മളിൽ വന്നുചേരും
ശിവനും പാർവതിയുമായുള്ള സംഭാഷണ പുസ്തകം
ശ്രീരാമരാമയെന്നു പാടി വരുന്ന പുസ്തകം
കിളിയെനീപാടിയത് നന്നായി
നമുക്കുള്ളയീസുഹൃത്തുക്കളുണ്ടായതു
വലിയകാര്യമീരാമായണത്തിൽ കൂടി
എങ്കിലും നാമൊരുമിച്ചു നിന്നാൽ
വിജയം നേടുമീ പുസ്തകത്തിനാൽ



ശിവപ്രിയ. റ്റി
X-D

# പഴഞ്ചൊല്ലുകൾ

1 എല്ല് മുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം

2 ഉപ്പുതിന്നവൻ വെള്ളം കുടിക്കും

3 ഒത്തു പിടിച്ചാൽ മലയും പോരും

4 ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും

5 കാക്ക കുളിച്ചാൽ കൊക്ക് ആകില്ല

6 കുന്തം പോയാൽ കുടത്തിലും തപ്പണം

7 ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടാ

8 ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും

9 സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

10 അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാൽ കിടക്കില്ല

Sreeraj R 8B



## കവികളും അപരനാമങ്ങളും

1. ശക്തിയുടെ കവി - ഇടശ്ശേരി ഗോവിന്ദൻ നായർ

2. ഉജ്ജ്വലശബ്ദാഢ്യൻ - ഉള്ളൂർ എസ്സ് . പരമേശ്വരയ്യർ

3. ശബ്ദസുന്ദരൻ - വള്ളത്തോൾ നാരായണമേനോൻ

4. വാക്കുകളുടെ മഹാബലി - പി. കുഞ്ഞുരാമൻ നായർ

5. മാതൃത്വത്തിന്റെ കവി - ബാലാമണിയമ്മ

6. ആദ്യകവി - വാല്മീകി

7. അരക്കവി - പൂനം നമ്പൂതിരി

8. ഋതുക്കളുടെ കവി - ചെറുശ്ശേരി

9. ജനകീയ കവി - കുഞ്ചൻ നമ്പ്യാർ

10. ഫലിതസമ്രാട്ട് - കുഞ്ചൻ നമ്പ്യാർ

11. വധേവിയുടെ വീരഭടൻ - സി.വി. രാമൻപിള്ള

12. സാഹിത്യ പഞ്ചാനൻ - പി. കെ .നാരായണപ്പിള്ള

13. സരസ കവി - എസ് . പദ്മനാഭപ്പണിക്കർ

14. ഭക്തകവി - പി .കുഞ്ഞിരാമൻ നായർ

15. തൊഴിലാളി കവി - കേടാമംഗലം പപ്പുക്കുട്ടി

16. ഗീതങ്ങളുടെ കവി - എം.പി.അപ്പൻ

17. ദ്രുത കവി - കുഞ്ഞികുട്ടൻ തമ്പുരാൻ

18. സരസ ഗായകൻ - കെ . പി . കേശവപ്പിള്ള

19. സ്നേഹഗായകൻ , ആശയഗംഭീരൻ - കുമാരനാശാൻ

# ചിങ്ങം വന്നേ

ചിങ്ങം വന്നു ഓണത്തപ്പൻ
പുതുവർഷം കൊണ്ടുവന്നു
നിദ്രയിൽ നിന്നുണരുന്നു
കുഞ്ഞുപൈതലും

ചെറുപ്പെട്ടി സന്തോഷത്തിൽ
ഒരുപ്പെട്ടി സ്നേഹവുമായ്
അരികെവന്നിരിക്കുന്നു
ഒരായിരമിന്നും

കുഞ്ഞുപെണ്ണുങ്ങൾ ഓടിവന്നു
താമരപ്പോൽവിടർന്നിന്ന്
തുമ്പപ്പൂവിൻചേലുപോലെ
ചിരിച്ചുമ്മെമ്മേ

VAIGA V 8A



# ജീവിതം

സ്വന്തം ജീവിതം എങ്ങനെ ജീവിക്കണം എന്ന് ചിന്തിച്ച് ജീവിക്കാൻ എല്ലാവർക്കും അവകാശമുണ്ട് . അതിനാൽ അതിലെ നല്ലതും ചീത്തയുമായ അനുഭവങ്ങൾ സ്വീകരിക്കുവാൻ അവൻ ബാധ്യസ്ഥനമാണ് . ചെയ്യുവാനുള്ള അധികാരി താൻ ആണെങ്കിൽ കർമഫലത്തിനുള്ള അധികാരിയും താൻ തന്നെ അധികാരിയാകും തോറും ധിക്കാരിയായി മാറും.

അതാണ് ജീവിതപാഠം

- പത്മപ്രിയ.പി

8 D



# കഷ്ടമുണ്ട് ടീച്ചറേ

’

ഒന്നു സമ്മതിക്ക്.
പ്ലീസ്, പ്ലീസ് ,
ഞങ്ങളിങ്ങനെ കഴിച്ചോട്ടെ.......

സമയം ഉച്ചയ്ക്ക് 1 മണി.

Lunch Breakനുള്ള കൂട്ടമണി അടിച്ചു.

ഹാ! എത്ര മധുരമായ ശബ്ദം.....

കർണ്ണാനന്ദകരമായ ശബ്ദങ്ങളിൽ ഒന്നാണീ കൂട്ടമണി ശബ്ദം. പണ്ട് കാക്കാഴം ഹൈസ്കൂളിൽ പഠിച്ചിരുന്ന ഓർമ്മ നൊസ്റ്റുവായി എന്നിൽ നിറഞ്ഞു. ബെല്ലടിക്കുമ്പോഴേ സ്കൂളിൻ്റെ പിന്നിലുള്ള വേലിയുടെ വിടവിലൂടെ നൂണ്ട് തൊട്ടപ്പുറത്തുള്ള സ്വന്തം വീട്ടിലേക്ക് പോയി ഊണ് കഴിച്ച് തിരിച്ച് വരുന്ന കാലം. ആ നിറവിലങ്ങനെ നിൽക്കണമെന്ന് കൊതിയുണ്ട്. പക്ഷേ വിശപ്പ് സമ്മതിക്കില്ലല്ലോ.

സ്റ്റാഫ് റൂമിൻ്റേം സ്റ്റെയറിൻ്റേം നടുക്കാണ് എൻ്റെ ക്ലാസ് റൂം. അതു കൊണ്ട് തന്നെ അങ്ങടും ഇങ്ങടും പോകുന്ന എല്ലാ അധ്യാപകരുടേം തലോടൽ ഏറ്റുവാങ്ങാനുള്ള ഭാഗ്യം ൻ്റെ കുട്ടികൾക്കുണ്ട്. ഞാനതിഷ്ടപ്പെടുന്നുവെങ്കിലും പിള്ളേർ അതത്ര ആസ്വദിക്കുന്നില്ല എന്നെനിക്കറിയാം. കാരണം ഇനി പറയുന്ന ഡയലോഗ്സ് അവിടുന്നിടയ്ക്കിടെ വരാറുണ്ട്. ”ടീച്ചറേ വരാന്തേടെ അങ്ങേ തുമ്പത്തെ ക്ലാസുണ്ടല്ലോ. പൊളിയാ.ഭയങ്കര വൈബാ അവിടെ. നമുക്കങ്ങോട്ട് താമസം മാറിയാലോ?’’നാൽപ്പത്തിമൂന്നിൽ ചിലർ.”അവിടെന്തൊരു കാറ്റാന്നറിയാവോ” ന്ന് വേറൊരുത്തൻ.
” അല്ലേൽ നമുക്ക് സെക്കൻ്റ് ഫ്ലോറിലേക്ക് പോവാം.ൻ്റെടീച്ചറേ!!!! അവിടുന്ന് താഴോട്ട് നോക്കണം! ഹോ! തകർപ്പനാ!!!മഴയൊക്കെ വരുമ്പോഴുണ്ടല്ലോ എന്തൊരു വൈബാന്നോ !!! ”എൻ്റീശ്വരാ! കണ്ട്രോള് തരണേ.ഇവൻമാരുടെ

കൊതിപ്പിര് പ്രലോഭനങ്ങളിലൊന്നും വീഴ്ത്താതെ എന്നെ കാത്തോണേ എന്ന് ഭയങ്കരമായി പ്രാർത്ഥിച്ചോണ്ട് ഞാൻ പറഞ്ഞു, "പോടേ, പോടേ, ക്ലാസിവിടുന്ന് മാറ്റുന്ന പ്രശ്നമേയില്ല. ഇവിടെ അതിലും നല്ല പൊളിയാണ്, വൈബാണ്, തകർപ്പാണ്." പിന്നല്ലാതെ. അതോടവന്മാര് തൽക്കാലത്തേക്കൊതുങ്ങി. അങ്ങനെ ഉച്ചമണിയോർമ്മയിൽ മുഴുകി ഞാൻ വരുമ്പോൾ വെറും വെറുതെയൊന്ന് ക്ലാസിലേക്ക് തല നീട്ടി നോക്കി.

" എന്താ നോക്കുന്നേ? ഇവിടെ കുഴപ്പമൊന്നും ഉണ്ടാക്കീട്ടില്ല". എൻ്റെ ഇരട്ടകൾ ഒരുമിച്ച് പറഞ്ഞു.

" ഒന്നൂല്ലേ !!! ഇതിലേ പോയപ്പോ ഒന്ന് നോക്കീന്നേയുള്ളു. " വിനീതയായി ഞാൻ മൊഴിഞ്ഞു. "ഈ നോട്ടം കാരണമാ ക്ലാസങ്ങേ മൂലയ്ക്കോട്ട് മാറ്റാൻ ഞങ്ങൾ പറഞ്ഞത്. " കോറസ്. "ഞങ്ങള് പറയുന്നത് കേട്ടൂടേ ?അനുസരിച്ചൂടേ ? ടീച്ചറല്ലേ , ഇച്ചിരി അനുസരണയൊക്കെ നല്ലതാ'' ന്ന് വേറൊരെണ്. അടുത്ത അദ്ധ്യയന വർഷം മുതൽ അനുസരണക്കാരി ആയിക്കോളാംന്ന് ഞാനും. "ന്നാലും ഇപ്പോ പറ്റൂല്ല ല്ലേ " ന്ന് കൂട്ടത്തിലെ കുഞ്ഞൻ . "പിന്നെങ്ങനാ ഞങ്ങക്ക് അനുസരണയുണ്ടാവുന്നേന്ന് " ഇനിയൊരുത്തൻ. "മതി മതി ഒരുപാടങ്ങ് പറയാതെ ". "ഇതാ കുഴപ്പം. സത്യം പറഞ്ഞാൽ അപ്പപ്പറയും മിണ്ടാണ്ടിരിക്കാൻ. വീട്ടിലും ഇതൊക്കെ തന്നെയാ അവസ്ഥ.. " എന്നൊരു ക്ഷുഭിത കൗമാരൻ. എന്തോ പറയാനാ.... വായാടിയായ എൻ്റെ വായടപ്പിക്കാൻ ലവൻമാര് മതി. "ചോറുണ്ണുന്നില്ലേ ആരും? " ഞാനൊന്നു വിഷയം മാറ്റി. ഉത്തരം മുട്ടുമ്പോ ഒന്ന് മാറ്റിപ്പിടിക്കലാണല്ലോ നമ്മടെ സ്ഥിരം ശൈലി. ദേ, വന്നു മറുപടി... " അതാ ഞങ്ങളും ചോദിക്കുന്നേ. ടീച്ചർക്ക് കഴിക്കണ്ടേ? പോയി കഴിച്ചിട്ടൊക്കെ വാ. അപ്പഴത്തേക്കും ഞങ്ങളും സെറ്റ് ആയിക്കോളാം." എന്ന് ലവൻമാർ. ഒന്നു പതുങ്ങിയെങ്കിലും അമ്മയിലൂടെ എൻ്റെ ജീനിൽ ഇടംപിടിച്ച ടീച്ചറിത്തം ഞാൻ പുറത്തെടുത്തു. "നിങ്ങളാദ്യം കഴിക്ക്. എന്നിട്ട് ഞാൻ പോവാം.'' ''എന്നാപ്പിന്നെ അങ്ങനെ ആയിക്കോട്ടെ. അനുസരണയില്ലാത്തവരെ എന്തോ പറയാനാ? ഇതൊക്കെയേ വീട്ടീന്ന് ശീലിക്കേണ്ടതാ. സോഷ്യലൈസേഷൻ പഠിപ്പിച്ചപ്പോ

പറഞ്ഞിട്ടില്ലേ ഒരു വ്യക്തിയെ രൂപപ്പെടുത്തുന്ന Basic factor Family ആണെന്ന്. ഓർമ്മയുണ്ടല്ലോ, ല്ലേ? . സത്യം പറഞ്ഞാ ആ പറഞ്ഞവനിട്ട് ഒരു നുള്ള് കൊടുക്കാൻ തോന്നിയെങ്കിലും പഠിപ്പിച്ചതിൽ അത്രേമെങ്കിലും ലവൻ ഓർത്തല്ലോ എന്നോർത്ത് ഞാനങ്ങ് ധൃതംഗപുളംഗിതയായീന്ന് പറഞ്ഞാൽ മതിയല്ലോ. ഇതു പോലൊരുത്തൻ എൻ്റെ ശിഷ്യനാണല്ലോന്നോർത്ത് ഞാനങ്ങ് അഭിമാനം കൊണ്ടു. ഞാൻ മെല്ലെ വരാന്തയിലേക്കിറങ്ങി. പുറത്ത് വെയിൽ തിളച്ചുമറിയുന്നു. ഗ്രൗണ്ടിൽ കുട്ടികളുടെ ആരവം. Lunch Break ൻ്റെ ആഘോഷം. രസമുണ്ട് നോക്കി നിൽക്കാൻ. വെയിലൊന്നും അവർക്കൊരു പ്രശ്നമേയല്ല. ബാല്യത്തിൻ്റെ നിഷ്കളങ്കതയും ചിരി മേളങ്ങളുമായി മറ്റൊരു ലോകത്താണവർ. മുതിർന്നവർക്ക് പ്രവേശനമില്ലാത്ത അവരുടേത് മാത്രമായ ലോകം. മുറ്റത്തെ നെല്ലിമരത്തിൽ നിറയെ കിളുന്നിലകൾ പിറവിയെടുത്തിരിക്കുന്നു. വെയിൽത്തുണ്ടുകൾ വാരി വിതറിയ പോലെ കുഞ്ഞ് നെല്ലിക്കായ്കൾ നിറയെ ഉണ്ടായിട്ടുണ്ട്. വാകമരത്തിലെ ഉണങ്ങിയ ഇലകൾ കാറ്റുമായി ഓടിപ്പിടുത്തം കളിച്ചൊടുവിൽ താഴേവരാന്തയിൽ ക്ഷീണിച്ചിരിപ്പായി. വിശപ്പ് കത്തിക്കയറാൻ തുടങ്ങിയപ്പോഴേക്കും വീട്ടിലേക്ക് പോവാംന്ന് കരുതി ക്ലാസിൻ്റെ മുൻപിലെത്തിയപ്പോൾ ദാ നിൽക്കുന്നൊരാൾ. നമ്മുടെ സിനിമേലെ സത്യൻമാഷിനെപ്പോലെ രണ്ടു കൈയും എളിക്കുത്തി ആകെ രാഗലോലനായി വരാന്തയുടെ പടിഞ്ഞാറേ അറ്റത്തുള്ള ഒമ്പതാം ക്ലാസിലേക്ക് കണ്ണും നട്ട് നിൽക്കുന്നു .എൻ്റെ കണ്ണും സ്വാഭാവികമായി അങ്ങോട്ടു പോയി. അവിടേമുണ്ട് രണ്ട് കാതരമിഴികൾ. ഓഹോ, അപ്പോ ഇതാണ് ലവൻമാര് ക്ലാസ് അങ്ങോട്ട് ഷിഫ്റ്റ് ചെയ്യണംന്ന് നിർബന്ധം പിടിക്കുന്നത്. ഇപ്പം ശരിയാക്കിത്തരാം. ''ഡേയ്, കഴിക്കണ്ടേ. ഇങ്ങനെ നിന്നാ മതിയോ ?'' ഞാൻ " കഴിച്ചോളാം.'' ലവൻ "എപ്പോ?" ഞാൻ ''ഇനീം സമയമുണ്ട്. ഇത് പിന്നെ കിട്ടില്ല." ലവൻ. "അതെന്താ?" ഞാൻ "1.30 ന് ക്ലാസീ കേറണ്ടേ. അല്ലെങ്കീ ദോണ്ടാ ടീച്ചറ് വന്ന് പാടാൻ തൊടങ്ങും", ലവൻ. ''ഡാ.....പോയി കഴിക്കെടാ മര്യാദയ്ക്ക് ''. ഞാൻ .

”യ്യോ! പോയില്ലേ ഇതുവരെ.” ലവൻ. ”ഇല്ലെടാ .പോയില്ല. കഴിച്ചില്ലേലും സാരമില്ല. നിന്നെയൊക്കെ ഇന്ന് ശരിയാക്കിത്തരാം.” ഞാൻ. ലവനെ എടുത്ത് ക്ലാസിൽ കൊണ്ടുവന്നു. അവനാകെ ഇച്ചിരിയേയുള്ളൂ. ഭാഗ്യം.... ക്ലാസിലെത്തിയപ്പോൾ ഞാൻ കണ്ട കാഴ്ച!!! ആഹാ ..... ഗംഭീരം..... എൻ്റെ കുഞ്ഞു വാക്കുകളുടെ പരിധിയിൽ അത് നിൽക്കുമോന്നറിയില്ല. അത്രയ്ക്കും സുന്ദരമായിരുന്നു ആ കാഴ്ച.... ഒരു ഡസ്കിൻ്റെ മുകളിൽ ഇത്തിരി നീളമുള്ള വാഴയില വച്ചിരിക്കുന്നു. അത് തീയിൽ വച്ച് വാട്ടിയെടുത്തതാണ്. പച്ച നിറത്തിലേക്കൊരു തവിട്ടു നിറത്തിൻ്റെ കടന്നു കയറ്റം. അതിലേക്കോരോരുത്തരും അവരവരുടെ Lunch Box കുടഞ്ഞിടുന്നു. എന്നിട്ടതു മുഴുവനും Mix ചെയ്യുന്നു. അപാരമായ ഗന്ധം അവിടമാകെ നിറഞ്ഞു. അത്രയും കുഞ്ഞുങ്ങളും അതിൽ നിന്നൊരുമിച്ച് വാരി കഴിക്കുന്നു!!! ഞാനെന്നെ, സമയത്തെ, വിശപ്പിനെ മറന്നവിടെ നിന്നു പോയി..... എന്തൊരു രസമാണത് കാണാനെന്നോ!!! ചമ്മന്തീം, തോരനും, സാമ്പാറും , മീനും, ബീഫും ഒക്കെ ഒരുമിച്ച് കുഴച്ച് ചിരി മേളങ്ങളുടെ അകമ്പടിയോടെ കഴിക്കുകയാണ് .... ആഹാരം കൊണ്ടുവരാത്തവൻ, കൊണ്ടു വന്നവൻ എന്ന വ്യത്യാസങ്ങളൊന്നുമില്ലാതെ ഒരുമിച്ച് കഴിക്കുന്നു!!!! എൻ്റെ കണ്ണുകൾ നിറയുന്നു..... വെറുതെ ഓർത്തു പോയി ,ഈ കൂരയിൽ നിന്ന് പുറത്തിറങ്ങിയാൽ പിന്നെ ഇവർക്ക് ജാതി മത ലേബലുകൾ ഉണ്ടാവുന്നു. മാറ്റങ്ങൾ ഇവർക്കും ഉണ്ടാവുന്നു. പിന്നെ അവർ ആരൊക്കെയോ ആവുന്നു.... വേണ്ട!!!!
ഈ കുഞ്ഞുങ്ങൾ ഇങ്ങനെ തന്നെ ഇരിക്കട്ടെ. ഒരു പാത്രത്തിൽ നിന്നുണ്ണട്ടെ, ഇല്ലാത്തവനെ ഊട്ടിക്കട്ടെ.... ” അതേ....
വാ കഴിച്ചോ ഇതീന്ന്. ഇനീപ്പോ വീട്ടിലൊന്നും പോവണ്ടാന്നേ.”
ഞാൻ തൂക്കിയെടുത്തോണ്ടു വന്ന നമ്മടെ സത്യൻ മാഷാണ്.....
അങ്ങേ തുമ്പത്തെ ക്ലാസ് മുറിയിലെ കാതരമിഴികളെ പ്രണയിക്കുന്ന എൻ്റെ കാമുകനാണ് ചോദിക്കുന്നത്. ഒപ്പം ഇത്രേം കൂടി കൂട്ടിച്ചേർത്തു. ”കഷ്ടമുണ്ട് ടീച്ചറേ...
വഴക്കു പറയല്ലേ. അവരവരുടെ സീറ്റിൽ പോയിരിന്ന് കഴിക്കാൻ

പറയല്ലേ. ഞങ്ങളിങ്ങനെ കഴിച്ചോട്ടെ. പ്ലീസ്... പ്ലീസ്..."
"ഇല്ലെടാ . "നിങ്ങൾ കഴിച്ചോളൂ....." എന്ന് പറഞ്ഞ്
അവിടുന്ന് പോരുമ്പോൾ എനിക്ക് കരച്ചില് വന്നു......
തൂവെള്ളക്കടലാസ് പോലെയുള്ള ഈ മനസുകളിൽ പടരുന്ന
കാലുഷ്യങ്ങൾക്കുത്തരവാദി ആരാണ്?

N: B

അനുബന്ധമായി ചേർത്തിരിക്കുന്ന കുഞ്ഞുങ്ങളുടെ ഫോട്ടോ ഇവിടെ പോസ്റ്റ് ചെയ്യാമോന്നറിയില്ല. യൂണിഫോം ഇട്ട കുഞ്ഞുങ്ങളാണ്, Public ആയി പോസ്റ്റ് ചെയ്യാൻ പാടില്ല എന്നൊരു വിലക്ക് എനിക്ക് കിട്ടിയതാണ് കഴിഞ്ഞ വർഷം. പക്ഷേ ഇത് ഇവിടെ ചേർക്കേണ്ടതാണെന്നെൻ്റെ മനസു പറയുന്നു.

കാരണം .....

സമൂഹത്തിൻ്റെ പരിച്ഛേദമല്ലേ ക്ലാസ്സുറികൾ? അവിടെ എന്താണ് നടക്കുന്നതെന്നറിയാൻ നമുക്കവകാശമില്ലേ?

**Tr. അജിത.വി.**










ADITHYAN B 8A





ANATHAKRISHNAN S
8A







ANAKHA M 8C






















ARUNIMA SUBHASH 9B




THE END